AKPCTA

# Kerala Private College Teacher

കേന്ദ്രഗവൺമെൻറ് പ്രഖ്യാപിച്ച പുതിയ യു ജി സി ശമ്പള നിരക്കുകൾ — ഫുൾ ടെക്സ്ററ്

July 1987

# അറിയിപ്പുകൾ

## മെമ്പർഷിപ്പുവേഗം അയക്കുക

എ കെ പി സി ടി എ മെമ്പർഷിപ്പ് ഫീസ് എത്രയും വേഗം കോളേജുകളിൽ നിന്നും ശേഖരിച്ച് താഴെപ്പറയുന്ന മേൽവിലാസത്തിൽ അയക്കുന്ന കാര്യം ബ്രാഞ്ചു സെക്രട്ടറിമാർ ശ്രദ്ധിക്കുക.

പ്രൊഫ. എസ്. വിശ്വനാഥൻ, ട്രഷറർ, എ. കെ. പി. സി. ടി. എ T. C. 15/337, ശാന്തിഭവൻ, വെള്ളയമ്പലം, തിരുവനന്തപുരം- 10.

## ജേർണൽ മാററർ

ജേർണലിലേയ്ക്കുള്ള മാററും ഫോട്ടോയും താഴെ പറയുന്ന മേൽവിലാസത്തിൽ അയക്കുക.

പ്രൊ. കെ. സുകുമാരൻനായർ
നാറാണത്ത്, പിള്ളവീട് ലയിൻ,
കേശവദാസപുരം, തിരുവനന്തപുരം-4

## ജേർണൽ വരിസംഖ്യ

ജേർണൽ വരിസംഖ്യയും വരിക്കാരുടെ മേൽവിലാസവും താഴെ പറയുന്ന വിലാസത്തിൽ അയക്കുക.

പ്രൊ. കെ. പി. ദിവാകരൻനായർ
T. C. 3/1206, ലക്ഷ്മിനഗർ
കേശവദാസപുരം, തിരുവനന്തപുരം-4

## വെൽഫെയർ ട്രസ്ററ്

ഈ വർഷം പുതുതായി 500 ൽ കുറയാതെ അംഗങ്ങളെ വെൽഫെയർ ട്രസ്ററിൽ ചേർക്കണമെന്നാണ് തീരുമാനം. ബ്രാഞ്ചുസെക്രട്ടറിമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം. പൂരിപ്പിച്ച ഫോറവും, തുകയും താഴെ പറയുന്ന മേൽവിലാസത്തിൽ അയക്കുക.

പ്രൊ. പി. നരേന്ദ്രൻ
ജനറൽ സെക്രട്ടറി, എ. കെ. പി. സി. ട. എ.
T.C. 28/406, അംബുജവിലാസംറോഡ്,
തിരുവനന്തപുരം-1.

# വാർത്തകൾ

## അനന്തമൂർത്തി വൈസ് ചാൻസലർ

ഗാന്ധിജി സർവകലാശാലാ വൈസ് ചാൻസ്ലറായി മൈസൂർ സർവകലാശാലയിലെ ഇംഗ്ളീഷ് ബിരുദാനന്തര പഠന-ഗവേഷണ വകുപ്പിലെ ഇംഗ്ളീഷ് പ്രൊഫസർ യു.ആർ. അനന്തമൂർത്തിയെ നിയമിച്ചുകൊണ്ട് ചാൻസലർ വിജ്ഞാപനം പുറപ്പെടുവിച്ചു. ചാർജ് എടുക്കുന്ന തീയതിമുതൽ നാലുവർഷത്തേക്കാണ് ഈ നിയമനം. സാഹിത്യ–സാംസ്കാരിക രംഗത്ത് ശ്രദ്ധേയനായ ഇദ്ദേഹം 'സംസ്കാര' തുടങ്ങി വിഖ്യാതമായ പല നോവലുകളും എഴുതിയിട്ടുണ്ട്.

## രണ്ടു ഗഡു ഡി. എ ഉത്തരവായി

കോളേജധ്യാപകരടക്കമുള്ള സംസ്ഥാന ജീവനക്കാർക്ക 1986 ജൂലൈ 1 മുതലും 1987 ജനുവരി 1 മുതലും ലഭിക്കാനർഹതയുള്ള രണ്ടു ഗഡു ക്ഷാമബത്ത അനുവദിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ഇതിന്റെ ഫലമായി ജീവനക്കാർക്ക് തങ്ങളുടെ പ്രതിമാസ വേതനത്തിൽ 45 രൂപ മുതൽ 280 രൂപവരെ വർദ്ധനവ് ലഭിക്കും. 1986 ജൂലൈ 1 നും 1987 ജനുവരി 1 നും കേന്ദ്ര ജീവനക്കാർക്ക് അനുവദിച്ചിരുന്ന ക്ഷാമബത്ത ഗഡുക്കൾ അതേ തീയതി മുതൽ ആണ് കേരളത്തിലും അനുവദിച്ചിട്ടുള്ളത്. 1986 ജൂലൈ 1 മുതൽ ഡിസംബർ വരെയുള്ള ക്ഷാമബത്ത കുടിശ്ശിക പ്രോവിഡണ്ട് ഫണ്ടിൽ ചേർക്കുന്നതാണ്. ഈ തുക 1988 മാർച്ച് 21 നു ശേഷം പ്രോവിഡണ്ട് ഫണ്ട് ചട്ടങ്ങൾക്ക് അനുസൃതമായി എപ്പോൾ വേണമെങ്കിലും പിൻവലിക്കാവുന്നതാണ്. 1987 ജനുവരി 1 മുതൽ ഉള്ള രണ്ടാം ഗഡു കുടിശ്ശിക രൊക്കം പണമായി ലഭിക്കും.

മുഖക്കുറിപ്പുകൾ

# നിയമം ലംഘിക്കുന്ന മാനേജ്മെന്റുകളെ നിലയ്ക്കു നിർത്തുക

സർക്കാർ-യൂണിവേഴ്സിറ്റി നിയമങ്ങൾ ലംഘിക്കുക എന്നത് പല പ്രൈവറ്റ് മാനേജ്മെന്റുകളും ഇന്നൊരു പതിവാക്കിയിരിക്കുകയാണ്. യൂണിവേഴ്സിറ്റി ആക്ടിലെ 54 ഉം 55 ഉം വകുപ്പുകൾ, പ്രൈവറ്റ് കോളേജുകളിൽ മാനേജിംഗ് കൗൺസിൽ ഗവേണിംഗ്ബോഡി രൂപീകരിക്കണമെന്ന് അനുശാസിക്കുന്നു. ആക്ട് നടപ്പിലായി വർഷങ്ങൾ കഴിഞ്ഞിട്ടും മിക്ക മാനേജ്മെന്റുകളും ഇന്നേവരെ അതിനു തയ്യാറായിട്ടില്ല. 1983 ഒക്ടോബർ 2ന് നിലവിൽ വന്ന ഗാന്ധിജി സർവകലാശാലാ ആക്ടിൽ അന്തർസർവകലാശാലാ സ്ഥലം മാറ്റങ്ങൾ തടഞ്ഞുകൊണ്ടുള്ള 68-ാം വകുപ്പ് ഉൾപ്പെടുത്തിയിട്ടുണ്ട്. ആക്ട് നിലവിൽ വന്ന് 3 മാസത്തിനകം 68-ാം വകുപ്പനുസരിച്ചുള്ള നടപടികൾ പൂർത്തിയാക്കണമെന്ന് വ്യവസ്ഥയുണ്ടെങ്കിലും, എൻ.എസ്.എസ്. മാനേജ്മെന്റ് ഇക്കാര്യത്തിൽ യാതൊരു നടപടിയും ഇന്നേവരെ സ്വീകരിച്ചിട്ടില്ല. മാത്രമല്ല ആ സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ നിന്ന് അധ്യാപകരെ മറ്റു സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിലേക്ക് യാതൊരു വിവേചനവുമില്ലാതെ സ്ഥലം മാറ്റി ദ്രോഹിച്ചുകൊണ്ടിരിക്കുകയുമാണ്. പല പ്രാവശ്യം സർക്കാരിനും, യൂണിവേഴ്സിറ്റിക്കും നിവേദനങ്ങൾ നൽകിയിട്ടും,

---


പത്രാധിപസമിതി

ചെയർമാൻ
വി. നാരായണൻകുട്ടി
പത്രാധിപർ
വി. എൻ. മുരളി

അംഗങ്ങൾ

വി. നരേന്ദ്രൻ, എൻ. വിശ്വനാഥൻ, ടി. ഗോപാലകൃഷ്ണൻ, കെ. സുകുമാരൻ നായർ, കെ.പി. ദിവാകരൻ നായർ, നെല്ലിക്കൽ മുരളി, എൻ. എൻ. ആനന്ദൻ, ആർ. മോഹന കൈമ്മൾ, ഡോ. എ. റസലുദീൻ, കവടിയാർ രാമചന്ദ്രൻ, തോമസ്ജോർജ്

നടപടിയും ഇതുവരെ
മാനേജ്മെൻറിൻെറ മേൽ യാതൊരു
സ്വീകരിച്ചിട്ടുമില്ല. ആക്ടിലെ 54, 55, 68 വകുപ്പുകൾ അഫി
ലിയേഷൻ വ്യവസ്ഥകളുടെ ഭാഗമാണ്. അതു ലംഘിക്കുന്ന
മാനേജ്മെൻറുകളെ ശിക്ഷിക്കാൻ ആക്ടിലെ 8–ാം അധ്യായ
ത്തിൽ വകുപ്പുകളുണ്ട്. നിയമമേരണം ഉറപ്പുവരുത്തേണ്ട സർ
ക്കാരും, സർവകലാശാലാധികാരികളും നിയമം ലംഘിക്കുന്ന
മാനേജ്മെൻറുകളെ ശിക്ഷിച്ച് നിലയ്ക്കു നിർത്തുന്നില്ലെങ്കിൽ
നിയമവാഴ്ചയെപ്പററി കൂടുതൽ പറഞ്ഞിട്ടു കാര്യമില്ല. അപ
കടകരമായി വളർന്നുകൊണ്ടിരിക്കുന്ന ഈ നിയമലംഘനപ്രവ
ണതയെ തടഞ്ഞ് പ്രൈവററ് മാനേജ്മെൻറുകളെ നിലയ്ക്കു
നിർത്തണമെന്ന് ഞങ്ങൾ സർക്കാരിനോടും, സർവകലാശാലാ
ധികാരികളോടും അഭ്യർത്ഥിക്കുന്നു.

# പ്രതിഫല കുടിശ്ശികയെപ്പററി ത്തന്നെ

കേരള സർവകലാശാലയുടെ ദൈനംദിന പ്രവർത്തനങ്ങളെ ക്കുറിച്ചുള്ള പരാതികൾക്കു പഞ്ഞമില്ല. വർഷംതോറും നടക്കുന്ന പരീക്ഷകളുടെ ഉത്തരക്കടലാസ് പരിശോധന, പ്രാക്ടിക്കൽ പരീക്ഷകളുടെ നടത്തിപ്പ് തുടങ്ങിയ ജോലികൾക്കുള്ള പ്രതിഫലം യഥാസമയം നൽകാതെ കുടിശ്ശികയാക്കുന്നത് നമ്മുടെ ഈ സർവകലാശാല ഒരു സ്ഥിരം ഏർപ്പാടാക്കിയിരിക്കയാണ്. ഇതിൻെറ പേരിൽ പ്രക്ഷോഭങ്ങളുണ്ടാകുമ്പോൾ സർവകലാശാലാധികൃതർ നൽകുന്ന ഉറപ്പുകൾ വെറും അധരവ്യായാമങ്ങളിൽ കവിഞ്ഞൊന്നുമാകാറില്ല. ചെയ്ത ജോലിക്ക് കൂലി നല്കാതിരിക്കുന്നത് ആർക്കും ഭൂഷണമല്ല. വർഷംതോറും ഫീസിനത്തിൽ പരീക്ഷാർത്ഥികളിൽ നിന്നും ഈടാക്കുന്ന ഭീമമായ തുക പരീക്ഷാ സംബന്ധമല്ലാത്ത കാര്യങ്ങൾക്കായി തിരിച്ചുവിടുന്നതാണ് ഈ നാണംകെട്ട കടം പറച്ചിലിന് കാരണമെന്ന് ഏവർക്കുമറിയാം. മററുപലതിനുമെന്നപോലെ സാമ്പത്തിക തിരിമറികൾക്കും കുപ്രസിദ്ധമാണല്ലോ ഈ മാതൃസർവകലാശാല ! ഈ ഏർപ്പാട് അവസാനിപ്പിച്ചേ പററൂ. പരീക്ഷാജോലിയുമായി ബന്ധപ്പെടുന്ന സമസ്ത ജീവനക്കാരേയും അസംതൃപ്തരാക്കി, പരീക്ഷാ നടത്തിപ്പിനുള്ള സംവിധാനമാകെ താറുമാറാക്കി, സർവകലാശാലാ കവാടങ്ങൾ പ്രക്ഷോഭകലുഷിതമാക്കി, അകത്തിരിക്കുന്ന 'യജമാനൻമാർ' 'അങ്കവും കാണാം താളിയും നുള്ളാം' എന്ന പഴയ നയം തുടരാം എന്ന വ്യാമോഹം വച്ചുപുലർത്തരുത് എന്ന് ഓർമ്മിപ്പിച്ചുകൊള്ളട്ടെ.

# പ്രൈവററ് കോളേജ് അദ്ധ്യാപക സമൂഹം നേരിടുന്ന പ്രശ്നങ്ങൾ

പ്രൊഫ. പി നരേന്ദ്രൻ, ജനറൽ സെക്രട്ടറി:
എ കെ പി സി ടി എ

(കഴിഞ്ഞലക്കം തുടർച്ച)

## 4. സ്ഥലംമാററങ്ങൾക്ക് മാനദണ്ഡം

കേരളത്തിലെ മൂന്ന് അഫിലിയേററഡ് സർവ്വകലാശാലകളുടെ പരിധിയിലും കോളേജുകളുള്ളത് എൻ. എസ്. എസ്സിന്. മാത്രമാണ്. മററൊരു പ്രമുഖ കോർപ്പറേററ് മാനേജ്മെൻറായ എസ്. എൻ. ട്രസ്ററിന് കേരളാ/കാലിക്കട്ട് മേഖലകളിൽ മാത്രമാണ് കോളേജുകൾ ഉള്ളത്. എം. ഇ. എസിനാകട്ടെ കാലിക്കട്ട് സർവ്വകലാശാലയ്ക്കു പുറമേ ഗാന്ധിജി സർവ്വകലാശാലയുടെ അധികാരപരിധിയിൽ ഒരൊററ കോളേജ് മാത്രമാണുള്ളത്.

സ്ഥലംമാററം അദ്ധ്യാപകരെ ദ്രോഹിക്കാനുള്ള ഒരായുധമായി പ്രയോഗിക്കുന്നതിൽ, എൻ.എസ്.എസ്., എസ്.എൻ. ട്രസ്ററ് എന്നീ മാനേജ്മെൻറുകൾ കുപ്രസിദ്ധിതന്നെ ആർജ്ജിച്ച് കഴിഞ്ഞിട്ടുണ്ട്. സംഘടനാ പ്രവർത്തകരെ മനപ്പൂർവ്വം ശിക്ഷിക്കുന്നതിനുള്ള ഒരുപാധിയായും ഈ മാനേജ്മെൻറുകൾ സ്ഥലം മാററം ഉപയോഗിക്കുന്നു. മാനേജ്മെൻറുകൾക്ക് അനിയന്ത്രിതമായ അവകാശങ്ങൾ നിലനിൽക്കുന്നതുമൂലം സംഘടനാ പ്രവർത്തകർ നിഷ്കരുണം ശിക്ഷിക്കപ്പെടുന്നു, എന്നുമാത്രമല്ല അവരുടെ കുടുംബ ജീവിതം തന്നെ തകരുന്നു. സ്ഥിരമായ സ്ഥലംമാററങ്ങൾമൂലം അദ്ധ്യാപകരുടെ കുട്ടികളുടെ വിദ്യാഭ്യാസം തകരാറിലാവുന്നു. ദിനംതോറുമുള്ള സ്ഥലം മാററങ്ങൾ സർവ്വകലാശാലകൾക്ക് ഭരണപരമായ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുകയും കോളേജുകളിലെ അദ്ധ്യയനത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു.

ഇക്കാരണങ്ങളെല്ലാമാണ് 1974 ലെ കേരള സർവ്വകലാശാലാ നിയമത്തിലും 1975 ലെ കാലിക്കററ് സർവ്വകലാശാലാ നിയമത്തിലും അന്തർസർവ്വകലാശാലാ സ്ഥലം മാററങ്ങൾ റദ്ദു ചെയ്യുന്ന 64-ാം വകുപ്പ് ഉൾപ്പെടുത്തിയത്. 1971-ലെ ഡയറക്ട് പേമെൻറ് സമരത്തെ തുടർന്ന് എ. കെ. പി. സി. ടി. എ. ജനറൽ സെക്രട്ടറിയായിരുന്ന പ്രൊഫ. ആർ.രാമചന്ദ്രൻ നായർ ഉൾപ്പെടെ ആറുപേരെ വിദൂരസ്ഥങ്ങളായ സ്ഥലങ്ങളിലേക്ക് സ്ഥലം മാററിയതും അതേതുടർന്നുണ്ടായ നിയമ യുദ്ധവും, സർവ്വകലാശാലകളുടെ നിർദ്ദേശങ്ങളും ഉത്തരവുകളും എൻ. എസ്. എസ്. മാനേജ്മെൻറ് ധിക്കരിച്ചതുമെല്ലാം ഈ നിയമ നിർമ്മാണത്തിന് വഴിയൊരുക്കുകയുണ്ടായി. പക്ഷേ നിർഭാഗ്യകരമെന്നു പറയട്ടെ 64-ാം വകുപ്പ് ഒഴികെയുള്ള നിയമം മാത്രമാണ് അന്ന് നടപ്പിൽ വരുത്തിയത്. അതേസമയം 64-ാം വകുപ്പിന് തത്തുല്യമായ ഗാന്ധിജി സർവ്വകലാശാലാ നിയമത്തിലെ 68-ാം വകുപ്പ് നിയമം നടപ്പിലായ തീയതി മുതൽ തന്നെ പ്രാബല്യത്തിൽ വന്നു കഴിഞ്ഞിട്ടുണ്ട്.

എൻ.എസ് എസ് മാനേജ്മെൻറ് ഈ വർഷവും 1972 ആവർത്തിച്ചിരിക്കുകയാണ്. തെരഞ്ഞെടുപ്പുകാലത്ത് നിർബന്ധിതപ്പിരിവിന് വഴങ്ങാതിരുന്ന സംഘടനാ പ്രവർത്തകരെ കൂട്ടത്തോടെ, എല്ലാ തത്വദീക്ഷകളും മാനുഷിക മൂല്യങ്ങളും കാററിൽ പറത്തിക്കൊണ്ട് വിദൂരസ്ഥലങ്ങളായ കോളേജുകളിലേക്ക് സ്ഥലം മാററി ശിക്ഷിച്ചിരിക്കുന്നു. എസ്. എൻ. ട്രസ്ററ് മാനേജ്മെൻറാകട്ടെ ബഹു: കേരള ഹൈക്കോടതിയുടെ അംഗീകാരത്തോടെമാത്രമേ സ്ഥലംമാററം നടത്താവൂ എന്ന വിധിയിൽ പ്രതിഷേധിച്ച് അവർതന്നെ രൂപംകൊടുത്ത മാനദണ്ഡങ്ങൾ അനുസരിച്ചുള്ള സ്ഥലം മാററം പോലും നടത്താൻ തയ്യാറാകുന്നില്ല. ഈ സാഹചര്യത്തിൽ കോർപ്പറേററ് മാനേജ്മെൻറുകൾ ഇന്നനുഭവിച്ചുകൊണ്ടിരിക്കുന്ന ഈ ദുസ്വാതന്ത്ര്യം അവസാനിപ്പിച്ചേ മതിയാകൂ.

നിയമം പ്രാബല്യത്തിൽ കൊണ്ടുവരുന്ന തോടൊപ്പം പ്രസ്തുത വകുപ്പിൽ ഒരു ഭേദഗതി വരുത്തേണ്ടതുണ്ട്. ഇന്ന് സർവീസിലുള്ള മുഴുവൻ അദ്ധ്യാപകർക്കും തങ്ങൾക്കനുകൂലമായ സർവ്വകലാശാലാ പ്രദേശം തെരഞ്ഞെടുക്കാനുള്ള അവകാശം അംഗീകരിക്കുന്നതരത്തിലുള്ള ഒരു ഭേദഗതി നടപ്പിലാക്കണമെന്നാണ് എ. കെ. പി. സി. ടി. എ ആവശ്യപ്പെടുന്നത്. നമ്മുടെ ന്യായമായ ഈ ആവശ്യം അടിയന്തിരമായി അംഗീകരിക്കപ്പെടേണ്ടതുണ്ട്.

## 5 കരിനിയമം റദ്ദാക്കൽ

1967 വരെയുള്ള യു. ജി. സി. ശമ്പള നിരക്കുകൾ കേരള സംസ്ഥാനത്ത് നടപ്പാക്കപ്പെട്ടവയാണ്. എന്നാൽ അതിനുശേഷം 1973 മുതൽ നടപ്പാക്കാനുള്ള നിർദ്ദേശത്തോടെ കേന്ദ്ര ഗവൺമെൻറ് പ്രഖ്യാപിച്ച സ്കെയിലുകൾ കേരളവും കർണ്ണാടകവും ഒഴികെ മുഴുവൻ സംസ്ഥാനങ്ങളും പല കാലങ്ങളിലായിട്ടാണെങ്കിൽ പോലും നടപ്പാക്കിക്കഴിഞ്ഞിട്ടുണ്ട്. 1973-ലെ സ്കെയിലുകൾ കേരളത്തിലെ കോളേജധ്യാപകർക്കും അനുവദിക്കണമെന്ന് എ. കെ. പി. സി. ടി. എ ആവശ്യപ്പെട്ടപ്പോൾ "ഇവിടെ പററില്ല" എന്ന മർക്കടമുഷ്ടിയാണ് അന്നത്തെ സർക്കാർ സ്വീകരിച്ചത്. യു. ജി. സി. ശമ്പള പരിഷ്കാരം നടപ്പാക്കി കിട്ടുന്നതിനുവേണ്ടി അഖിലേന്ത്യാ വ്യാപകമായി നടത്താൻ അയ്ഫക്ടോ തീരുമാനിച്ച പരീക്ഷാ-ബഹിഷ്കരണ സമരത്തെ പിന്നീടുവന്ന ആൻറണി സർക്കാർ നേരിട്ടത് സ്പെയിനിലെ ഫ്രാങ്കോയെയും, ഇററലിയിലെ മുസ്സോളിനിയേയും, ജർമ്മനിയിലെ നാസിത്തലവനായിരുന്ന ഹിററ്ലറേയും ഞെട്ടിപ്പിക്കുന്ന, ലജ്ജിപ്പിക്കുന്ന കരിനിയമങ്ങൾ ഉപയോഗിച്ചായിരുന്നു. ഒരു ദിവസത്തെ, അത്രതന്നെ വേണ്ട, ഒരു നിമിഷമെങ്കിലും എതെങ്കിലും കോളേജധ്യാപകൻ പരീക്ഷാജോലി ഏറെറടുക്കാൻ വിസമ്മതിച്ചാൽ, മററു ശിക്ഷകൾക്ക് വിധേയനാകുന്നതിനു പുറമേ പരീക്ഷാജോലി ഏറെറടുക്കാൻ വിസമ്മതിച്ച ദിവസം മുതൽ രണ്ടുമാസത്തെ ശമ്പളം നിഷേധിക്കപ്പെടുന്ന കരിനിയമം നടപ്പിലാക്കി. അത് ഇന്നും നിലനിൽക്കുന്നു. കുപ്രസിദ്ധമായ ഡൈസ്നോൺ എന്ന കിരാത നിയമത്തിൻെറ അർത്ഥവും വ്യാപ്തിയും ഇത്രയേറെ വർദ്ധിപ്പിച്ചത് ഈ രാജ്യത്ത്. ഉന്നത വിദ്യാഭ്യാസരംഗത്ത് പണിയെടുക്കുന്ന അധ്യാപകരെ നേരിടാനായിരുന്നു എന്നത് അന്നത്തെ സർക്കാരിൻെറ അല്പത്തവും അഹന്തയും മാത്രമാണ് വ്യക്തമാക്കുന്നത്.

കോളജധ്യാപകരുടെ ആത്മാഭിമാനത്തെപ്പോലും ചോദ്യംചെയ്യുന്ന ഈ കിരാതനിയമം നിയമ പുസ്തകത്തിൽ തുടരുന്നത് നമുക്ക് അംഗീകരിക്കാനാവില്ല. ഇത് റദ്ദാക്കിയേ മതിയാകൂ. ഈ കരിനിയമം റദ്ദുചെയ്ത് കിട്ടുന്നതിനുവേണ്ടി കൊടുക്കേണ്ട വില എന്തുതന്നെയായാലും അത് അധികമല്ല.

## 6 യു.ജി സി ശമ്പളസ്കെയിലുകൾ

സുദീർഘമായ സമരങ്ങൾ നാം നടത്തി എങ്കിലും 1973 മുതൽ മുൻകാല പ്രാബല്യത്തോടെ നടപ്പാക്കേണ്ടിയിരുന്ന യു. ജി. സി. ശമ്പള നിരക്കുകൾ കേരളത്തിൽ അനുവദിക്കുകയുണ്ടായില്ല. കേരളവും കർണ്ണാടകവും ഒഴികെയുള്ള എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും അവ പല കാലങ്ങളിലായിരുന്നെങ്കിൽ പോലും നടപ്പാക്കപ്പെട്ടു. കർണ്ണാടകത്തിലാവട്ടെ യു. ജി. സി. നിരക്കുകളേക്കാൾ മെച്ചപ്പെട്ട സ്കെയിലുകളാണ് അനുവദിച്ചത്. കേരളം മാത്രമാണ് ഇക്കാര്യത്തിൽ ഒരു ദ്വീപായി അവശേഷിക്കുന്നു. 1981 ൽ നാം നേതൃത്വം കൊടുത്ത് നടത്തിയ സമരത്തിൻെറ ഫലമായി സ്കെയിലുകൾ തത്വത്തിൽ അംഗീകരിക്കപ്പെട്ടു എന്ന വസ്തുത വിസ്മരിക്കുന്നില്ല. പക്ഷേ കോളജധ്യാപകർക്ക് സ്കെയിലുകളുടെ ആനുകൂല്യം കൈവന്നില്ല. 1973-ലെ സ്കെയിലുകൾ നടപ്പാക്കിയിട്ടില്ലാത്തതിനാൽ 1986-ലെ സ്കെയിലുകൾക്ക് അർഹതയില്ല എന്നു ചില കേന്ദ്രങ്ങൾ ദുഷ്പ്രചരണം ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. അധ്യാപക സുഹൃത്തുക്കളിൽ ചിലരിലെങ്കിലും ഈ സംശയം നിലനിൽക്കുന്നുണ്ട്. ഇത് തികച്ചും അർത്ഥശൂന്യമാണ്. 1973-നു മുമ്പ് നിലവിൽവന്ന, 1967 വരെയുള്ള യു ജി. സി. ശമ്പളനിരക്കുകൾ കേരളത്തിലും നടപ്പാക്കിയതാണ്. കേരളത്തിലെ കോളേജധ്യാപകരെ സംബന്ധിച്ചിടത്തോളം യു ജി. സി. ശമ്പളനിരക്കുകൾ അന്യമല്ല. എന്നാൽ ഇന്ത്യയിലെ ബഹുഭൂരിപക്ഷം സംസ്ഥാനങ്ങളിലും 1967 വരെയുള്ള ശമ്പളനിരക്കുകൾ നടപ്പാക്കപ്പെട്ടിരുന്നില്ല. അത് 1973-ലെ സ്കെയിലുകൾ നടപ്പാക്കുന്നതിന് ആ സംസ്ഥാനങ്ങളിൽ തടസ്സമായതുമില്ല. 1967

വരെയുള്ള യു. ജി. സി. നിരക്കുകൾ നടപ്പാക്കി എന്നതുകൊണ്ടുമാത്രം 1973-ലെ സ്കെയിലുകൾ കേരളത്തിലെ അധ്യാപകർക്ക് നടപ്പാക്കിയതുമില്ല. ചുരുക്കത്തിൽ യു. ജി. സി. കാലാകാലങ്ങളിൽ ശുപാർശചെയ്യുന്ന ശമ്പളപരിഷ്കാരങ്ങൾ നടപ്പാക്കുക അതതു കാലത്തെ സംസ്ഥാനസർക്കാർ തീരുമാനം അനുസരിച്ച് മാത്രമാണ്. ഒരിക്കൽ ഒരു യു. ജി. സി. സ്കെയിൽ അംഗീകരിക്കപ്പെട്ടാൽ പിന്നീടുള്ള എല്ലാ ശമ്പളപരിഷ്കാരങ്ങളും സ്വമേധയാ നടപ്പായിക്കൊള്ളണമെന്നില്ല. ഒരിക്കൽ നിഷേധിക്കപ്പെട്ടു എന്നതുകൊണ്ടുമാത്രം സ്ഥിരമായി കിട്ടാതാകുകയുമില്ല. കേരളം യു. ജി.സി. ശമ്പളനിരക്കുകളുടെ കാര്യത്തിൽ ഇന്ന് മററു ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തവുമല്ല. യു. ജി. സി. ശമ്പളനിരക്കുകൾ ലഭിക്കാനുള്ള നമ്മുടെ അർഹത മററു സംസ്ഥാനങ്ങളിലെ കോളേജധ്യാപകരുടേതിനോടൊപ്പം തന്നെയാണ്. ഇതിൽ ആശങ്കക്ക് അശേഷം വകയില്ല.

# ഒരു 'ഇൻചാർജി'ൻെറ അധ്യാപക ദ്രോഹം

ചേർത്തല എസ്. എൻ. കേളേജിൽ പ്രിൻസിപ്പാളിൻെറ ചാർജ് വഹിക്കുന്ന പ്രൊഫസറുടെ അധ്യാപകദ്രോഹനയം കാരണം, എം.ഫിൽ കോഴ്സിന് യൂണിവേഴ്സിററിയുടെ സെലക്ഷൻ കിട്ടിയ ഫിസിക്സ് അധ്യാപകനായ ശ്രീ.കെ. കൊച്ചുനാരായണന് ഇതുവരെ കോഴ്സിന് ചേരാൻ കഴിഞ്ഞിട്ടില്ല. കോഴ്സിനു ചേരാൻ മാനേജ്മെൻറിൻെറ അനുവാദം ചോദിച്ചു കൊണ്ടുള്ള അപേക്ഷ ആദ്യം 1987 ഫെബ്രുവരി 25 നും പിന്നീട് ജൂൺ 19 നും പ്രിൻസിപ്പാളിന് കൊടുത്തെങ്കിലും അത് മാനേജർക്ക് അയച്ചുകൊടുക്കാൻ ഇൻ ചാർജ് പ്രൊഫസർ കൂട്ടാക്കിയില്ല. പകരം കൊച്ചുനാരായണൻെറ ഡെപ്യൂട്ടേഷൻ ഒരു വർഷത്തേക്കു മാററി വയ്ക്കണമെന്ന നിർദ്ദേശത്തോടെ, അർദ്ധ സത്യങ്ങളും അസത്യങ്ങളും നിറഞ്ഞ ഒരു കത്ത് പ്രിൻസിപ്പാൾ സർവ്വകലാശാലയ്ക്ക് അയക്കുകയാണുണ്ടായത്.

ഫാക്കൽട്ടി ഇംപ്രൂവ്മെൻറ് പ്രോഗ്രാം അനുസരിച്ച് എം. ഫിൽ, പി. എച്ച് ഡി കോഴ്സുകൾക്ക് തെരഞ്ഞെടുക്കപ്പെടുന്ന അധ്യാപകരെ അതിൽ നിന്നും തടയാൻ ഒരു പ്രിൻസിപ്പാളിനും അവകാശമില്ല. ഇതുവരെ ആരും അങ്ങനെ തടഞ്ഞിട്ടുമില്ല. കൊച്ചുനാരായണൻ എ. കെ. പി. സി. ടി. എ യുടെ ഒരു സജീവ പ്രവർത്തകനാണ്. ഒരു പ്രിൻസിപ്പാൾ മാറിയാൽ ചാർജ് കൊടുക്കേണ്ടത് സീനിയർമോസ്ററ് പ്രൊഫസർക്കായിരിക്കണമെന്ന് അനുശാസിക്കുന്ന യൂണിവേഴ്സിററി നിയമം ലംഘിച്ചുകൊണ്ടാണ് പ്രസ്തുത പ്രൊഫസർക്ക് ചാർജ് നൽകിയിരിക്കുന്നത്. ആ പ്രൊഫസർ ഉൾപ്പടെയുള്ള അധ്യാപകർ ഇന്നനുഭവിക്കുന്ന നേട്ടങ്ങൾ ഒക്കെ ഉണ്ടാക്കികൊടുത്ത എ കെ പി. സി. ടി. എ. നിയമവാഴ്ചയ്ക്ക് വേണ്ടി എന്നും ശബ്ദമുയർത്തും. സംഘടനാ പ്രവർത്തകരുടെ മുമ്പിൽ ശകുനം മുടക്കിയായി നിന്ന് ആത്മഹർഷം കൊള്ളാമെന്ന് കരുതുന്നത് തെററാണ്. പ്രൊഫസർ-ഇൻ-ചാർജ് ഇങ്ങനെ വ്യസനിയാകരുതെന്ന് സംഘടന അവരെ ഉപദേശിക്കുന്നു.

# മുരളീമനോഹർ അന്തരിച്ചു

പത്തനംതിട്ട കാത്തോലിക്കേററ് കോളേജിലെ ഇംഗ്ളീഷ് ലക്ചർ ആയിരുന്ന ശ്രീ മുരളീമനോഹർ ആകസ്മികമായി അന്തരിച്ചു. പരേതൻ എ കെ.പി.സി.ടി.എ യുടെ ഒരു സജീവാംഗം ആയിരുന്നു. പന്തളം എൻ. എസ്. എസ് കോളേജിലെ ബോട്ടണി ലക്ചറർ രമാദേവിയാണ് മുരളി മനോഹറിൻെറ പത്നി. മുരളീമനോഹറിന് ഒരു മകളുണ്ട്. ആ ഉത്തമസുഹൃത്തിൻെറ അകാല നിര്യാണത്തിൽ കുടുംബാംഗങ്ങളോടൊപ്പം നമ്മളും ദു:ഖം പങ്കിടുന്നു.

# University Acts, Statutes, Ordinances, Regulations, Rules etc.

Prof. T. GOPALAKRISHNAN

As far as the College teachers are concerned, the University Acts, Statutes, Ordinances, Regulations, Rules, etc., are of very great significance, as they are governed by the (relevant) provisions in them. "The provisions of law" are binding on the teachers and therefore, they have to adhere to them. They are binding on every one connected with higher education here - University Authorities, Educationa Agencies, Staff, Students and all others A University will have only such powers as are specified in the concerned University Act, etc. And it is the mandatory duty of the Vice-Chancellor of the University to ensure that the provisions of law are "faithfully observed and carried out". The College Managements also have to adhere to the legal provisions. And if it is found that the provisions of law are violated knowingly and consistently by the College Management or the Principles, and that to the detriment of the interests of higher education, the staff will have no alternative to taking up the matter with the competent authorities — the Government, the concerned University, etc.— who are charged with the responsibility of ensurity that the provisions of law are faithfully observed and carried out by one and all, more particularly, the persons in responsible positions. But it is a fact, many of us do not have an inkling of what is being observed or adhered to by the authorities and what not. To enable us to understand things, it is necessary that we should learn the law - at least the relevant provisions of law. And, it is for enabling the teachers especially the A K P C T A functionaries, to know at least the "essentials" of law that I deal with them in the Seriel beginning in this month's issue of the A K P C T A Journal. The readers would please remember, our knowledge, at least of the "essentials" will help strengthen our bargaining power. This makes the provisions of law very relevant to us.

**University Acts :-** A university Act is the main Legislation enacted by the legislative Assembly of the State :-

(i) Either to establish and incorporate a new University in the State.

(ii) Or to re-organise the existing University.

The Gandhiji University Act, 1985 is the legislation enacted to establish a new University at Kottayam where as the Kerala University Act, 1974 and the Calicat University Act 1975 are the legistations which were enacted to provide for the re-organisation of the University of Kerala and University of Calicut respectively.

**The Autonomous College issue :-** It has already been indicated that a University (an Authority of a University) will have only such powers as are specified in the concerned university Act or in the Statutes Ordinances, etc., made under the Act. The powers of the Universities in Kerala are specified in chapter II of the

concerned Acts. The three university Acts referred to above, (and the Statutes, Ordinances, etc., made under the Acts) do not contain any provision for allowing "autonomous Status" to the colleges affiliated to the university concerned. The university Grants Commission itself has made a specific mention of this vital fact in the "Revised Guide lines on the Scheme of Autonomous Colleges" brought out by it very recently. Guideline 6.- Conferment of Autonomous status of thet Guide lines reads thus:-

"The autonomous status to a College will be conferred by its parent University to which it is affiliated with the concurrence of the U. G. C. and the concerned state Govt. The act and statutes of some of the Universites may not have provision for allowing autonomous status to its constituent or affiliated Colleges..." The U. G C. therefore, Suggested that "Necessary provision in this regard maybe got made by the Concerned universities." What is implied and what is very important is, a University should have power 'to designate any College as an autonomous College with the Concurrence of the state Government in the manner and under the conditions prescribed ..". And the Senate is the authority "to preseribe .." the manner in which and the conditions subject to which a College may be designated as an autonomous College ..."

It is sufficiently clear, those who were parties to the controversial decision of the syndicate of Calicut university to confer autonomous status to a few colleges affiliated to it, lost sight of (nay, they were totally ignorant of) the fact that the laws of the University, in force, did not contain any provision empowering the University to allow "autonomous status" to any of its Consfituent or affiliated Colleges. What is more, there is not even a reference to the term "autonomous Colleges" in the laws of the University. It is not known whether the Govt representatives in the syndicate who favoured allowing autonomous status did it after ascertaining the views of the L. D. F. Govt, the constitent parties of which have been deadly against confering autonomous status to Colleges in the state for obvious reasons. The decision of the syndicate is really an affront to the senate, the Supreme authority of the University which had already rejected an earlier recommendation for giving "autonomy" to Colleges. The Senate's role is important, for the Senate is the authority to prescribe the manner in which and the conditions Subject to which a college may be designated as an "autonomous College." The senate can do it only after getting the main Legislation—the University Act-amended by the state Assembly with a view to empowering the University to consider the question of giving autonomy to Colleges. It may be recolleted, the U. D. F. Govt. here, which was wedded to the policy of giving autonomy to Colleges, did not choose to issue a direction to the Syndicate of Gandhiji University to take a decision, of their liking on the question of giving autonomy to Colleges. Instead, they tried, to get the Gandhiji University Act, 1985 amended Suitably by incorporating Provisions for emporwering the Uuniversity to "declare a College .. as autonomous in accordance with the conditions prescribed in the Statutes", in the Gandhiji University (Third Amendment) Bill, 1986. (The Bill, however could not be moved in the Assembly'). How could Mr. Jayachancdran, the Vice-Chancellor of Calicut University, permit the Syndicate of the University to take a decision on the question of conferring autonomy to a few Colleges, which it was not empowered to do? He is duty bound to answer this question.

(Inconclusive)

# The National Policy of Education (1986) Programme of Action - A Critical Over View

By Prof. (Mrs.) Kranti Jejurkar and Prof- K. Panikkar

In recent times very few policy documents emanating from the side of the government have been the focal point of avid public debate as the programme of Action of the National Education policy (1986). Tne thrust of the debate that has ensued after the release of the document has at times taken the course of outright esponsal of the policy by the votaries of the government who view the policy almost in the nature of a govermental fiat to be implemented at any cost. At the same time the policy has come in for the most critical scrutiny in the hands of academicians, Teachers', Unions, Journalists and independent commen tators of public affairs.

The initial outpourings in the form of either adulation as well as critical scrutiny were stimulated when the Govdrnment of India released the document 'challenges of Education - A policy perspective (1985) which in the words of the then Union Minister of Education, Shri K. C. Pant would "Provide the basis for a nation wide debate which would facilitate the formula-tion of a new educational policy". Undoubtedly there has occured a sustained debate over the last two years in which the programmatic formulations of the NPE (1986) have been held up for critical appraisal by Teacehrs' Organisation throughout the country. It will, therefore, be of both academicand functional interest to examine the programme of Action of the NPE (1936).

The Programme of Action of the NPE (1986) sets forth its scheme of educatiou from the pre-primary to the Universrty level in the most edifying terms in which non conventional methods of pedagogy are sought to be introduced. However, the repertoire of non conventional methods turns a blind eye to Indian Socio-Economic realities where mass education in the most formal and disciplined manner is the need of the day. In other words an attempt is made on the part of the Government to introduce a non-formal pattern of education which will cater to the less privileged in Society. It is this aspect that has come in for severe criticism from teachers organisation. It will be observed that on the pretext of introducing innovative techniques the Government is ushering a policy of lassez faire and Privatisation in the field of education. The NPE (1986) and the Programme of Action nowhere adheres to the constitutional commitment made in Articie 46 of tha Directive Principles of State Policy of introducing free and compulsory education for all children upto the age of 14 by 1990, It will not be improper to state that the Government is jettisoning its responsibility through a clear-cut dichotomy between the formal and the non-formal courses at every stage of educational progression : viz: the pre-primary

stage; the elementary stage and the stage of higher education. However, in spite of this blatant breach of Constitutional commitment the policy of the Government operates behind the smokescreen of concern for evolving a National System of Education which according to the NPE (1985) document "implies that upto a given level all students, irrespective of caste, creed, location or sex, have access to education of a comparative quality." It will be of interest to note some of the goal oriented projection of both the seminal document viz; challenge of education-a policy perspective (1985) as well as the NPE (1986) which along with the programme of Action stand out for their stark contradictions. It will be noticed that an educational philosophy is sought to be worked out in the first two aforementioned documents which when compared with the programme of Action are also an cxercise in vapidity. It may also be stated that the very concept of the universalistion of Education contained in the programme of Action stands out for its perverse logic because the introduction of the non-formal methods especially in the early stages of educational endeavour in an attempt at societal institution in the pursuit of educational goals. A typical example of the basic educational philsophy that sought to be put forth and the totally contradictory Programme can be seen in Statement 3. 6. of the NPE (1986). It states: "To promote equality, it will be necessary to provide equal opportunity to all not only in access, but also in the conditions fot success. Besides awareness of the inherent equality of all will be created through the core curriculam. The purpose is to remove prejudices and complexes, transmitted through the social environment snd the accident of birth". One wonders how this can be achieved through a discriminatory system and policy of educational organisation.

A country like ours which has been at the forefront of anti-colonial struggles in the Third World and wherein the fight for democratic values is a national ethos to-day, cannot envisage the fragmentation of society for the pursuit of edueational goals. But unfortunately this entire vision is lost sight of in the over enthusiasm to enter the 21st century. It also sadly reflects the sacrifice of the cardinal principle of Democratic sociaism which should act as the litmus test in every task of nation building. This is not so as can be seen from someof the glaring negative features of the NPE (1986). The entire approach towards these issues must be changed. They may be enumerated in the following menner:

1. Many of the schemes enumerated for early child care and education especially, the Intergrated Child Development Schemes (I. C. D.S) as well as the early childhood education centres (E. C. E. ) should rather take the form of welfare legislation enactments so that some of the areas of the Directive principles of State Policy are covered.

2. The concept of non-formal education at the Elementary Stage must be dropped and instead a totally integrated School System must be evolved. This can only be carried out through value based orientation for building a democratic polity as well as for achieving universal literacy through free and compulsory education for children upto the age of 14 as set forth in Art 45 of the constitution. Such a policy also allows for the evolution of a common school system.

3. The concept of Navodaya Vidyalayas, it is stated, aims to serve the objective

of excellence, complied with equity and social justice. "These Pace-setting Schools as they are commonly termed will be another instrument that will nullity democratic values and which will in the long run fragment society on antogonistically hierarchil lines. In the approach taken by the Government trowads the creation of Navodaya Vidyalayas, there is total disregard for the concept of education as a proces of gradual mental development, in which some characteristic aspects of excellencemay appear late in a child. Moreover, there are other aspects like initial environmental influences as well asparental background which has to be circumvented before the points of excellence are reached.

4. In tha Programme ot Higher education the concept of Autonomous colleges will further deepen the encroachment in the field of Higher Educaiion by private Interest. It is surprising how a National Programme of Education can narrow the perspective of a broad based approach towards education. The system of Autonomus colleges is still another attempt at the Policy of frangmentation which will not only came in the way of an integrated University curricuiam but which will also strengthen the forces of privatisation in the field of Education. Further teachers organisations in the country have the threat of the viviseection of the teaching fraternity on the most antagonistic lines.

5. Although the NPE (1986) states in no uncertain terms that the "Status of the teacher has had a direct bearing on the quality of education and many of the ills of the latter can be ascribed to the indifferent manner in which society has looked upon the teacher." Yet, it will notice that it is over a decade since the last revision of Pay-Scales took plece. Even the recent recommendations of the Mehrotra Committee place overous conditions for being eligible for the new pay scales. The basic issus of security of service is nowhere mentioned and no statutory provisions have been incorporated in this direction. Thus the averment in the NPE (1986) of the traditional respact that teachers have enjoyed in the country sound hollow.

It is not possible to indulge in an indepth study of ihe N.P.E. (1986) within the topical limitations of this paper. There is no doubt that the NPE (1986) has many positive aspects which aims at a broad based trasition of the educational system so as to suit the new technological age. However, there is a total lack of a holistic view in the policy document; because what is attempted in all educational endeavours is revolutionizing the mind. This can only be achieved through adherence to value oriented goals wherein human equality and economic justice are not lost sight of otherwise any system of education will turn out to be a mechanical and rapid exercise.

എ കെ പി സി ടി എ സംസ്ഥാന കമ്മററി ഓഫീസ്

വിലാസം

28/406, അംബുജവിലാസം റോഡ്, തിരുവനന്തപുരം-1

# സ്ഥലംമാററ ദ്രോഹത്തിനെതിരെ ധർണ്ണ
# എൻ എസ് എസ് ഹെഡ് ഓഫീസ് പടിക്കൽ

കോളേജ് അധ്യാപകരെ യാതൊരു വിവേചനവും കൂടാതെ സ്ഥലം മാററി ദ്രോഹിക്കുന്ന എൻ.എസ്.എസ്. മാനേജ്മെൻറിൻെറ സ്ഥലംമാററ നയത്തിൽ പ്രതിഷേധിക്കുന്നതിന് ജൂൺ 27-ാം തീയതി എ.കെ.പി.സി.ടി.എ. യുടെ ആഭിമുഖ്യത്തിൽ എൻ. എസ്. എസ്. ഹെഡ്ഓഫീസ് പടിക്കൽ ധർണയും, പ്രതിഷേധയോഗവും നടത്തി. കാഞ്ഞങ്ങാട്ടു മുതൽ നെയ്യാററിൻകരവരെയുള്ള പ്രൈവററ് കോളേജുകളിൽ നിന്നും എത്തിയ നാനൂറിൽ പരം അധ്യാപക പ്രതിനിധികൾ പ്രതിഷേധ പ്രകടനത്തിലും ധർണയിലും പങ്കെടുത്തു. മുനിസിപ്പൻ ജംഗ്ഷനിൽ നിന്നും ജാഥയായിട്ടാണ് അധ്യാപകർ ഹെഡ്ഓഫീസ് പടിക്കൽ എത്തിയത്. വിവിധ അദ്ധ്യാപക, സർവ്വീസ്, ട്രേഡ് യൂണിയൻ സംഘടനകൾ ജാഥയ്ക്ക് അഭിവാദ്യങ്ങൾ അർപ്പിച്ചു. പ്രതികൂലമായ കാലാവസ്ഥയായിരുന്നിട്ടുപോലും ധാരാളം ആളുകൾ റോഡിൻെറ ഇരുവശവും തിങ്ങിനിന്ന് പ്രകടനം ശ്രദ്ധിക്കുന്നുണ്ടായിരുന്നു. 'സ്ഥലം മാററങ്ങൾക്ക് മാനദണ്ഡം ഉണ്ടാക്കുക', നിർബന്ധപ്പിരിവ് നിർത്തലാക്കുക', 'രാഷ്ട്രീയ പകപോക്കൽ അവസാനിപ്പിക്കുക' തുടങ്ങിയ മുദ്രാവാക്യങ്ങളാണ് പ്രകടനത്തിൽ ഉയർന്നു കേട്ടത്. ചങ്ങനാശ്ശേരി പട്ടണത്തിൻെറ ശ്രദ്ധ പിടിച്ചു പററിയ പ്രകടനം 3 മണിയോടുകൂടി ഹെഡ് ഓഫീസ് പടിക്കൽ എത്തി ധർണ ആരംഭിച്ചു.

ധർണയോടനുബന്ധിച്ചു നടത്തിയ പ്രതിഷേധയോഗം അധ്യാപക സർവ്വീസ് സംഘടനാ ഐക്യസമരസമിതി കൺവീനർ ശ്രീ കെ. വി. ദേവദാസ് ഉദ്ഘാടനം ചെയ്തു. കേരളത്തിൽ ഇന്ന് എല്ലാ മേഖലകളിലും വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥലം മാററം നടത്തുമ്പോൾ, കോർപ്പറേററ് മാനേജ്മെൻറുകളിൽ എൻ.എസ്.എസ്, എസ്.എൻ. തുടങ്ങിയ ഏതാനും ചില മാനേജ്മെൻറുകൾ മാത്രമാണ് യാതൊരു തത്വവുമില്ലാതെ ജീവനക്കാരെ സ്ഥലം മാററി ദ്രോഹിക്കുന്നതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. അഴിമതിയും, സ്വജന പക്ഷപാതവും രാഷ്ട്രീയ പകപോക്കലും വ്യക്തമാക്കുന്ന എൻ എസ്. എസ്. മാനേജ്മെൻറിൻെറ സ്ഥലം മാററനയം തിരുത്തിക്കുറിക്കുന്നതുവരെ ശക്തമായ സമരപരിപാടികളുമായി മുന്നോട്ടു പോകണമെന്നദ്ദേഹം ആഹ്വാനം ചെയ്തു. കേരളത്തിലെ നാലു ലക്ഷത്തിലധികം വരുന്ന സർക്കാർ ജീവനക്കാരുടെ സകലവിധ പിന്തുണയും ഈ ധാർമ്മിക സമരത്തിനുണ്ടായിരിക്കുമെന്ന് അദ്ദേഹം അറിയിച്ചു.

തുടർന്ന് സംസാരിച്ച എ കെ.പി. സി. ടി. എ. പ്രസിഡൻറ് പ്രൊഫ. വി. നാരായണൻകുട്ടി, എൻ. എസ്. എസ്. മാനേജ്മെൻറ് അധ്യാപകരുടെ രാഷ്ട്രീയ സ്വാതന്ത്ര്യത്തിന്മേൽ നടത്തുന്ന കടന്നാക്രമണങ്ങളെയും, പൗരാവകാശത്തെ കീശയിലിട്ട് കാശാക്കുന്ന പിന്തിരിപ്പൻ നയത്തെയും, നിശിതമായി വിമർശിച്ചു. സ്ഥലം മാററക്കാര്യത്തിൽ ഒരു പരിഷ്കൃത മാനേജ്മെൻറും കൈക്കൊള്ളാത്ത സ്വജന പക്ഷപാതമാണ് എൻ. എസ്. എസ്. മാനേജ്മെൻറ് കാണിക്കുന്നത്. എൻ.എസ്.എസിൽ നിയമവാഴ്ച ഉണ്ടാകേണ്ടിയിരിക്കുന്നു. പ്രതികാരനടപടികൾ എടുക്കാനാണ് ഇനിയും മാനേജ്മെൻറിൻെറ ഭാവമെങ്കിൽ ശക്തമായ തിരിച്ചടിയുണ്ടാകുമെന്ന് നാരായണൻകുട്ടി ഓർമ്മിപ്പിച്ചു. എ കെ. പി. സി. ടി. എ. നേതാക്കളായ പ്രൊഫ. ടി. ഗോപാലകൃഷ്ണൻ, പ്രൊഫ. ജി. മാധവൻ നായർ, കെ.എം. രമണൻ (എ.കെ ജി. സി. ടി.), വി. വി. മാത്യു (കെ.ജി. ടി) എ.), എം. ടി. ആൻറണി (സി. ഐ. ടി. യു.. അബ്ദുൾ സലാം (എൻ. എഫ്. പി. ടി. ഇ.) മാത്യു (ബെഫി), രാജൻ (കെ. എസ. ആർ.ടി. സി) കുറിയക്കോസ് (എൻ. ജി. ഒ. യൂണിയൻ), പി. ജെ. ശാമുവേൽ (കർഷക തൊഴിലാളിയൂണിയൻ) അബ്ദുൾ ഖലാം (ഡി.വൈ. എഫ്. ഐ), അനിൽ കുമാർ (എസ്. എഫ്. ഐ) എന്നിവർ ധർണയെ അഭിസംബോധനചെയ്തു സമരസഹായസമിതി ജോയിൻറ് കൺവീനർ രാമചന്ദ്രൻ സ്വാഗതവും, എ.കെ. പി. സി. ടി. എ വൈസ് പ്രസിഡൻറ് ഡോ. എം.സി. ചാക്കോ കൃതജ്ഞതയും പറഞ്ഞു.

# ജൂൺമാസം നടത്തിയ കോഴിക്കോട് സർവ്വകലാശാലാ അക്കാദമിക് കൗൺസിൽയോഗം

# ഒരവലോകനം

ജൂൺ 27 ന് കൂടിയ കോഴിക്കോട് യൂണിവേഴ്സിററി അക്കാദമിക് കൗൺസിലിൻെറ പരിഗണനയ്ക്കായി ആകെ 60 പ്രമേയങ്ങൾ ഉണ്ടായിരുന്നു.

പ്രീഡിഗ്രി അഡ്മിഷന് പ്രായപരിധി കൽപ്പിക്കണം; ഇംപ്രൂവ്മെൻറ് പരീക്ഷ കോഴ്സിൻെറ അവസാന പരീക്ഷ കഴിഞ്ഞുമാത്രമേ പാടുള്ളു; പ്രീഡിഗ്രി അടക്കം എല്ലാ കോഴ്സുകളുടെയും ഒന്നാം വർഷ പരീക്ഷകൾ പാടില്ല എന്നുള്ള ഒരു പ്രമേയം വൈസ്ചാൻസലർക്കുവേണ്ടി അവതരിപ്പിക്കപ്പെട്ടു. ഒരു ചെറിയ വിഭാഗം ഈ നിർദ്ദേശത്തെ അനുകൂലിച്ചു. എ.കെ.പി.സി.ടി.എ, എ.കെ.ജി.സി.ടി. അംഗങ്ങൾ ഈ പ്രമേയത്തെ ശക്തമായി എതിർത്തു. പ്രമേയം നിരാകരിക്കപ്പെട്ടു.

## ക്രിസ്തുവിൻെറ അവസാനത്തെ പ്രലോഭനം

അക്കാദമിക് കൗൺസിലിൻെറ തീരുമാനത്തെ മറികടന്നുകൊണ്ട് വൈസ്ചാൻസലർ എടുത്ത ഒരു തീരുമാനം സഭയുടെ റാററിഫിക്കേഷനു വന്നപ്പോൾ വളരെ അമർഷത്തോടെയാണ് അതിനെ കൗൺസിൽ നേരിട്ടത്. പി.എ. വാര്യരുടെ അനുഭവങ്ങൾ എന്ന ബി.എ, ബി. എസ്സി മലയാളം പുസ്തകത്തിലെ 'ക്രിസ്തുവിൻെറ അവസാനത്തെ പ്രലോഭനം' പഠിപ്പിക്കേണ്ടതില്ല എന്ന പ്രമേയമായിരുന്നു അത്. കഴിഞ്ഞവർഷം വളരെയധികം ജനശ്രദ്ധയാകർഷിച്ച ഈ പ്രശ്നം ബോർഡ് ഓഫ് സ്ററഡീസിൻെറയും, ഫാക്കൽടിയുടെയും തുടർന്ന് അക്കാദമിക് കൗൺസിലിൻെറയും പരിഗണനയ്ക്കു വന്നു. 1986 ഡിസംബറിൽ ചേർന്ന അക്കാദമിക് കൗൺസിൽ പ്രസ്തുത ലേഖനം പഠിപ്പിക്കേണ്ടതില്ല എന്ന പ്രമേയം തള്ളിക്കളഞ്ഞു.

എന്നാൽ 1986 ഡിസംബർ 18 ന് ചേർന്ന സെനററ്യോഗം മേൽപ്പറഞ്ഞ പാഠം പിൻവലിക്കണമെന്ന് ഒരു പ്രമേയത്തിലൂടെ സിൻഡിക്കേററിനോട് അഭ്യർത്ഥിച്ചു. നിയമപ്രകാരം ഈ പ്രശ്നത്തിൽ തീരുമാനമെടുക്കാൻ സിൻഡിക്കേററിന് അധികാരമില്ലെങ്കിലും, ഡിസംബർ 20 ന് കൂടിയ സിൻഡിക്കേററ് യോഗം വി. സിയുടെ യുക്തമായ തീരുമനത്തിനു വിട്ടു. അക്കാദമിക് കൗൺസിൽ തീരുമാനം മാററാൻ വി. സിക്ക് അധികാരമില്ലെങ്കിലും ഡിസംബർ 27 ന് ആ പാഠം പഠിപ്പിക്കേണ്ടതില്ലെന്ന് വി. സി. തീരുമാനമെടുത്തു. ഈ തീരുമാനമാണ് അക്കാദമിക് കൗൺസിലിൻെറ അംഗീകാരത്തിനു സമർപ്പിക്കപ്പെട്ടത്.

വി. സി. യുടെ തീരുമാനം അക്കാദമിക് കൗൺസിലിൻെറ അധികാരത്തെ തട്ടിപ്പറിക്കലാണെന്നും, യൂണിവേഴ്സിററി സമിതികളുടെ സ്വയംഭരണാവകാശത്തെ ധ്വംസിക്കലാണെന്നും തൻെറ സ്വതസിദ്ധമായ ശൈലിയിൽ പ്രൊ. സുകുമാർ അഴിക്കോട് അഭിപ്രായപ്പെട്ടു. തുടർന്നു സംസാരിച്ച എ.കെ.പി.സി.ടി.എ, എ.കെ.ജി.സി.ടി. അംഗങ്ങൾ സുകുമാർ അഴിക്കോടിൻെറ വാദഗതിയെ സർവ്വാത്മനാ പിന്താങ്ങുകയും, പ്രമേയം തള്ളിക്കളയണമെന്ന് വാദിക്കുകയും ചെയ്തു. വി. സി. യുടെ വിശദീകരണത്തിനു ശേഷം പ്രമേയം വോട്ടിനിട്ടു. 30 പേർ അനുകൂലിച്ചും 33 പേർ എതിർത്തും വോട്ടുചെയ്തു. പ്രമേയം തള്ളപ്പെട്ടു. അങ്ങനെ അക്കാദമിക് സ്വാതന്ത്ര്യത്തിൻെറ കടയ്ക്കൽ വയ്ക്കാനോങ്ങിയ കത്തി തട്ടിയെറിയപ്പെട്ടു.

## സിലബസ് പരിഷ്കരണം.

പ്രീഡിഗ്രിയുടെ കെമിസ്ട്രി സിലബസ് അക്കാദമിക് കൗൺസിൽ പരിഗണിക്കുന്നതിനുമുമ്പ്, ഫാക്കൽട്ടി മെമ്പറും, ബോർഡ് ഓഫ് സ്ററഡീസ് മെമ്പറുമായ പ്രൊ. എ. ഒ. തോമസ്, കെമിസ്ട്രി ബുക്ക് അച്ചടിച്ചിറക്കിയതിനെ അപലപിക്കുകയും അതിനെതിരായി നടപടികൾ കൈക്കൊള്ളാൻ വി.സി യെ ചുമതലപ്പെടുത്തുകയും ചെയ്തു.

# ചോദ്യോത്തരപംക്തി

ചോദ്യം-1. ഒരു കോളേജിലെസ്റ്റാഫ് അസോസിയേഷൻ പ്രസിഡൻറ് സ്ഥാനം രാജി വച്ച അവിടുത്തെ പ്രിൻസിപ്പലിന് ആ കാരണം പറഞ്ഞുകൊണ്ട് കോളേജിൽ സ്റ്റാഫ് അസോസിയേഷൻ വേണ്ടെന്ന് തീരുമാനിക്കാനും അത് പിരിച്ചുവിടുവാനും അധികാരമുണ്ടോ?

വിജയധരൻ, നഞ്ച്യാർകുളങ്ങര

ഉത്തരം- കോളേജുകളിലെ സ്റ്റാഫ് അസ്സോസിയേഷന്റെ രൂപീകരണം, അതിലെ അംഗത്വം അതിന്റെ പ്രവർത്തനം എന്നിവ സംബന്ധിച്ച് നിയമവ്യവസ്ഥകളൊന്നുമില്ല. പക്ഷെ കോളേജുകളിൽ സ്റ്റാഫ് അസോസിയേഷൻ നില നിൽക്കുന്നതും പ്രവർത്തിക്കുന്നതും ഒരു "Voluntary Association" എന്ന നിലയിലാണ്. അംഗത്വവും voluntary ആയിട്ടാണ്. ടീച്ചിംഗ് സ്റ്റാഫിൽപെട്ടവർക്ക് ഇതിൽ ചേരുകയോ ചേരാതിരിക്കുകയോ ചെയ്യാം. സ്റ്റാഫിൽപെട്ട ഒരാളായ കോളേജ് പ്രിൻസിപ്പലിനും ഇതിൽ അംഗമായി ചേരുകയോ ചേരാതെ ഇതിൽനിന്ന് വിട്ടു നിൽക്കുകയോ ചെയ്യാം. ചേരാനാണ് തീരുമാനിക്കുന്നതെങ്കിൽ അദ്ദേഹം മററുള്ളവരെപ്പോലെ തുല്യമായ അവകാശമുള്ള ഒരംഗം മാത്രമായിരിക്കും. പ്രിൻസിപ്പൽകൂടി അംഗമായെങ്കിൽ മാത്രമേ ഒരു കോളേജിൽ സ്റ്റാഫ് അസോസിയേഷൻ ഉണ്ടായിരിക്കൂ എന്നില്ല. സ്റ്റാഫ് അസോസിയേഷനിൽ അംഗമായ പ്രിൻസിപ്പൽ തന്നെ അതിന്റെ പ്രസിഡൻറായിരിക്കണമെന്നില്ല. അംഗങ്ങൾക്ക്, മററുള്ള വരെ പ്രസിഡൻറായി തെരഞ്ഞെടുക്കാമെന്നതു പോലെ വേണമെങ്കിൽ പ്രിൻസിപ്പലിനെയും പ്രസിഡൻറായി തിരഞ്ഞെടുക്കാം. പ്രിൻസിപ്പൽ പ്രസിഡൻറ് സ്ഥാനം രാജിവച്ചു എന്നതു കൊണ്ട് മാത്രം അസ്സോസിയേഷനൊന്നും സംഭവിക്കില്ല. അത് വേണമോ വേണ്ടയോ എന്നു തീരുമാനിക്കേണ്ടത് പ്രിൻസിപ്പലല്ല. മറിച്ച് അതിലെ അംഗങ്ങളാണ്. അതുകൊണ്ട് തന്നെ അസോസിയേഷൻ പിരിച്ചുവിടുവാൻ പ്രിൻസിപ്പലിന് അധികാരവുമില്ല. പ്രിൻസിപ്പലാണെന്നതിനാൽ അറിവില്ലായ്മ അറിവില്ലായ്മ അല്ലാതാകുകയില്ല. അതുപോലെ സ്റ്റാഫ് അസോസിയേഷൻ "കോളേജ് കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്നതല്ല. സെക്രട്ടറിയെന്ന നിലയിൽ അസോസിയേഷൻ സെക്രട്ടറിക്കുള്ള ഉത്തരവാദിത്വം സ്റ്റാഫ് അസോസിയേഷനോടു മാത്രമേയുള്ളു.

ചോദ്യം—2 ഓരോ കാഡറിലും കോളേജദ്ധ്യാപകരുടെ ആഴ്ചയിലെ വർക്ക്ലോഡ് എന്താണ്?

എ. റസലുദ്ദീൻ, ടി. കെ. എം. കോളേജ്

ഉത്തരം -യൂണിവേഴ്സിററി നിയമത്തിൽ ഒരാളുടെ വർക്കുലോഡ് ആഴ്ചയിൽ ഇത്ര മണിക്കൂർ എന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്, ഷിഫ്ററ് സമ്പ്രദായം നിലവിലുള്ള കോളേജുകളിൽ "മണിക്കൂർ" എന്നതിനിപ്പോൾ പ്രസക്തിയില്ല. നിയമവ്യവസ്ഥ പ്രകാരം വർക്ക്ലോഡ് താഴെപറയും പ്രകാരമാണ്.

(i) Principal (Arts and Science) Minimum 3 hours and Maximum 5 hours

(In no case it shall be less than 3 hours എന്നാണ് നിയമത്തിൽ വ്യക്തമാക്കിയിരിക്കുന്നത്.)

(ii) Professor and Head of the P. G. Department.

(a) Arts Subjects.
Normal (Maximum) 11 hours.
Minimum 10 hours.

(b) Science Subjects.
Normal (Maximum) 12 hrs of lecture and Supervision of Practicals.
Minimum 11 hrs do

(This reduced Work-load is prescribed in view of the duties to be performed by him as the Head of the P. G. Dept.)

iii) Professor (II Grade) and Head of the degree Department.

(a) Arts Subjects
Normal (Maximum) 12 Hrs.
Minimum 11 Hrs.

(b) Science Subjects

Normal (Maximum) 13 Hrs
Lecture and Supervision of Practicals.
Minimum 12 Hrs

(The II Grade Cader Professor in the P. G. Arts and Science Depts. who are in charge of the Degree Section of the P. G. Depts are not now allowed any reduction of work from the prescribed limits. The work load in their case is as follows :-

(a) Arts Subjects Normal-14, Minimum 13 (Maximum)
(b) Science Subjects. do 15, do-14
(iv) Non Cadre Professors/ Lecturers/ Jr. Lecturers. (They all belong to the same Cadre)
(a) Arts Subjects. Normal - 14, Minimum 13 (Maximum)
(b) Science Subjects do 15, do 14.

ചോദ്യം 3

പ്രിഡിഗ്രി തലത്തിലെ ഓരോ ബാച്ചിലേയും normal strength ആയ 80 നു പുറത്തു 20 ഉം 25 ഉം സീററുകൾ Marginal increase ആയി യൂണിവേഴ്സിററികളിപ്പോൾ അനുവദിക്കുന്നത് നിയമാനുസൃതമാണോ?

T. K Levan S. N. College, Shertallai

ഉത്തരം

യൂണിവേഴ്സിററി നിയമത്തിൽ കാണുന്നതിപ്രകാരമാണ്.

All Arts and Science Colleges affiliated to the University of Kerala shall so regulate the admission of pupils as not to exceed the strength prescribed for a class for the courses specified in colum I below for the Subjects noted in Column 2.

| Course (1) | subject (2) | Strength for each class (3) |
|---|---|---|
| (a) Pre-Degree | (i) Arts Subjects. | 80 |

Provided that in Colleges where facilities are available a marginal increase of five Seats will be allowed raising the total strength to 85 which shall be the maximum strength.

(ii) Science Subjects. 80

No Marginal increase will be Ordinarly allowed, if at all allowed under Special Circumstances resulting from transfer of Students from one College to another, such increase shall be limited to 5.

ഈ നിയമവ്യവസ്ഥയിൽ അധികാരമുള്ള അതോറിററി, ഭേദഗതി വരുത്തിയിട്ടാണോ പരിധിക്കപ്പുറത്തുള്ള Marginal increase ഉം extra-Marginal incrsase ഉം യൂണിവേഴ്സിററികൾ വരുത്തുന്നതെന്നറിയില്ല. എന്തായാലും ഇപ്പോൾ പ്രിഡിഗ്രിക്ളാസുകളിൽ ഓരോന്നിലും 120 ഉം അതിലേറെയും കുട്ടികൾ ഉണ്ടെന്നു നാം കാണുന്നു. T.G.

---

# യൂണിവേഴ്സിററികൾക്കു മുമ്പിൽ ധർണ

## ജൂലൈ 25, 27

പരീക്ഷാജോലികൾക്കുള്ള പ്രതിഫലം കൊടുത്തുതീക്കുന്നതിൽ കേരള—കാലിക്കട്ട് യൂണിവേഴ്സിററികൾ കാണിക്കുന്ന അക്ഷന്തവ്യമായ കൃത്യവിലോപത്തിൽ പ്രതിഷേധിച്ച് എ കെ പി സി ടി എ പ്രവർത്തകർ ഇരു യൂണിവേർസിററികൾക്കു മുമ്പിലും ധർണ നടത്തുന്നതാണ്.

ജൂലൈ 25–ന് കാലിക്കട്ടിലും 27–ന് കേരളാ യൂണിവേർസിററിയിലും നടക്കുന്ന പ്രതിഷേധ പ്രകടനവും ധർണയും വിജയിപ്പിക്കാൻ എല്ലാ അധ്യാപകരോടും അഭ്യർത്ഥിക്കുന്നു. അന്നേദിവസങ്ങളിൽ ഇരു യൂണിവേർസിററികളുടേയും സെനററ് യോഗം ചേരുന്നുണ്ട്.

# ജില്ലകളിൽനിന്ന്

## ആലപ്പുഴ

എ. കെ. പി. സി ടി. എ. ആലപ്പുഴ ജില്ലം കൗൺസിലിന്റെ ഒരു യോഗം ജൂൺ 23ന് ആലപ്പുഴ നരസിംഹപുരംഓഡിറേറാറിയത്തിൽ പ്രൊഫ. ടി. ഗോപാലകൃഷ്ണന്റെ അധ്യക്ഷതയിൽ ചേർന്നു. സെക്രട്ടറി കെ. ശശിധരൻ റിപ്പോർട്ട് അവതരിപ്പിച്ചു. അയ്ഫക്ടോസ്ററാട്യൂട്ടറി കോൺഫ്രൻസിന്റെ തീരുമാനങ്ങരം, പുതുക്കിയ സ്കെയിലുകളുടെ വിശദാംശങ്ങരം എന്നിവയെക്കുറിച്ച് അധ്യക്ഷൻ സംസാരിച്ചു. യോഗം താഴെ ചേർത്തിരിക്കുന്ന തീരുമാനങ്ങരം കൈക്കൊണ്ടു.

1. സ്ഥലംമാററ പ്രശ്നത്തിൽ എൻ.എസ്. എസ്. മാനേജ്മെൻറ് തുടർന്നു വരുന്ന അധ്യാപക ദ്രോഹനയത്തെ അപലപിക്കുകയും, ജൂൺ 27-ന് ചങ്ങനാശ്ശേരിയിൽ നടക്കുന്ന ധർണയിലും പ്രതിഷേധയോഗത്തിലും ജില്ലയിലെ എല്ലാ സംഘടനാംഗങ്ങളും പങ്കെടുക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു.

2. പുതിയ യു. ജി. സി. ശമ്പള സ്കെയിലുകരം കേരളത്തിലും നടപ്പാക്കണമെന്ന് സർക്കാറിനോട് ആവശ്യപ്പെട്ടു.

3. ജൂൺ-ജൂലൈ മാസങ്ങളിൽ മെമ്പർഷിപ്പ് പ്രവർത്തനവും, ജേർണൽ പ്രചരണവും ത്വരിതപ്പെടുത്തുവാൻ തീരുമാനിച്ചു.

യോഗം താഴെപ്പറയുന്ന ആശയങ്ങരം ഉരംക്കൊള്ളുന്ന പ്രമേയങ്ങരം അംഗീകരിച്ചു.

1. പ്രീഡിഗ്രി ബോർഡ് വിരുദ്ധ സമരകാലത്തെ ഡൈസ്നോൺ പിൻവലിക്കണമെന്ന് സർക്കാറിനോടഭ്യർത്ഥിച്ചു.

2. ചേർത്തല സെൻറ് മൈക്കിരംസ് കോളേജിലെ പ്രിൻസിപ്പാളിന്റെ നീട്ടിക്കൊടുത്ത ഡപ്യൂട്ടേഷൻ റദ്ദാക്കണമെന്ന് സർക്കാറിനോടഭ്യർത്ഥിച്ചു.

2. കോർപ്പറേററ് മാനേജ്മെൻറിന്റെ കീഴിലുള്ള അധ്യാപകരുടെ സ്ഥലം മാററത്തിന് മാനദണ്ഡം ഉണ്ടാക്കണമെന്നും കേരള,കാലിക്കട്ട് സർവ്വകലാശാലാനിയമങ്ങളിലെ 64-ാം വകുപ്പിന് പ്രാബല്യം നൽകണമെന്നും അധികാരികളോട് അഭ്യർത്ഥിച്ചു.

4. നങ്ങ്യാർകുളങ്ങര ടി.കെ. എം. എം. കോളേജ് പ്രിൻസിപ്പാരം, തന്റെ നയവൈകല്യം മൂലം ഉണ്ടാകുന്ന വിദ്യാർഥി പ്രക്ഷോഭങ്ങരംക്ക് ഉത്തരവാദികരം അവിടുത്തെ അധ്യാപകരാണെന്ന് പത്രങ്ങരം വഴിയും, രക്ഷാകർതൃയോഗങ്ങളിലും കള്ളപ്രചരണം നടത്തുന്നതിൽ പ്രതിഷേധം രേഖപ്പെടുത്തി. വൈതാളികരുടെ പ്രേരണക്കു വഴങ്ങി നടത്തിക്കൊണ്ടിരിക്കുന്ന അധ്യാപക വിരുദ്ധ, എ. കെ. പി. സി. ടി. എ വിരുദ്ധ പ്രവർത്തനങ്ങരം ഉടനടി അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു.

5. യൂണിവേഴ്സിററി പരീക്ഷാ പ്രതിഫല കുടിശിക ലഭിക്കുന്നതിനുവേണ്ടി നിയമനടപടികളോ, സമരപരിപാടികളോ, ആവിഷ്കരിക്കണമെന്ന് പ്രവർത്തകസമിതിയോടാവശ്യപ്പെട്ടു.

6. നടന്നിട്ടില്ലാത്ത ഒരു യൂണി. പരീക്ഷയെക്കുറിച്ച്, നിയമാനുസൃതം പ്രിൻസിപ്പാളിന്റെ ചാർജ്ജ് വഹിക്കാൻ അർഹതയില്ലാത്ത ചേർത്തല എസ്. എൻ. കോളേജിലെ പ്രൊഫസർ-ഇൻ-ചാർജ്ജ് ഏകപക്ഷീയമായി തയ്യാറാക്കിയ ഒരു റിപ്പോർട്ടിന്റെ - അടിസ്ഥാനത്തിൽ വൈരനിര്യാതന ബുദ്ധിയോടെ, യാതൊരുമാന്യതയും ഇല്ലാതെ എസ. എൻ. കോളേജ് മാനേജർ തന്റെ കത്തിൽ പ്രൊഫ. ടി. ഗോപാലകൃഷ്ണനെപ്പററി അടിസ്ഥാന രഹിതമായ പരാമർശങ്ങരം നടത്തിയതിൽ യോഗം അമർഷവും, പ്രതിഷേധവും രേഖപ്പെടുത്തി. മാനേജരെ പ്രീതിപ്പെടുത്തുന്നതിന് ആ കത്ത്

കോളേജിൽ സർക്കുലേററ് ചെയ്ത ഇൻ ചാർജ്ജ് പ്രൊഫസറുടെ നടപടിയെ യോഗം അപലപിച്ചു. വസ്തുതകൾക്കു നിരക്കാത്ത, അവഹേളനപരമായ പ്രസ്തുത പരാമർശങ്ങൾ ഉടനടി പിൻവലിക്കണമെന്ന് മാനേജ്മെൻറിനോട് ആവശ്യപ്പെട്ടു. കോളേജിലെ സീനിയർ മോസ്ററായ പ്രൊഫ. ഗോപാലകൃഷ്ണനെയും മററു ബഹുമാന്യരായ പ്രൊഫസർമാരെയും അവഹേളിക്കാനിറക്കിയ സർക്കുലർ ഉടൻ പിൻവലിക്കണമെന്ന്, മാനേജരോടും പ്രൊഫസർ-ഇൻ-ചാർജിനോടും ആവശ്യപ്പെട്ടു. തെററു തിരുത്തിയില്ലെങ്കിൽ ആവശ്യമായ അനന്തര നടപടികൾ സ്വീകരിക്കണമെന്ന് യോഗം തീരുമാനിച്ചു.

7. പി. എഫ്. ക്രഡിററ് കാർഡ് അധ്യാപകർക്കു ലഭിക്കുന്നതിന് ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കണമെന്ന് പ്രവർത്തക സമിതിയോടാവശ്യപ്പെട്ടു.

8. അയ്ഫക്ടോ നാഷണൽ കൗൺസിലിലേയ്ക്കുള്ള എ. കെ. പി. സി. ടി. എ പ്രതിനിധികളെ നിശ്ചയിക്കുന്നത് തെരഞ്ഞെടുപ്പിലൂടെ ആകണമെന്ന് പ്രവർത്തക സമിതിയോടഭ്യർഥിച്ചു

ശശിധരൻ

സെക്രട്ടറി, ആലപ്പുഴജില്ല.

# എസ് എൻ കോളേജ് കൗൺസിൽ മെമ്പറൻമാരുടെ യോഗം

ജൂൺ 27-ന് ചങ്ങനാശ്ശേരിയിൽ വച്ച് എസ്. എൻ. കോളേജുകളിലെ കൗൺസിൽ മെമ്പറൻമാരുടെ ഒരു യോഗം ചേർന്നു. എസ്. എൻ. കോളേജുകളിൽ ഇന്ന് ഭരണ സ്തംഭനം നിലവിലിരിക്കുന്നതായി കൗൺസിൽ അംഗങ്ങൾ റിപ്പോർട്ട് ചെയ്തു. മാനേജ്മെൻറ് അംഗീകരിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഹൈക്കോടതിയുടെ അനുമതിയോടെ അധ്യാപകരെ സ്ഥലം മാററാമെന്നിരിക്കെ, തനിക്ക് സ്ഥലം മാററാനുള്ള അനിയന്ത്രിതമായ അധികാരം ലഭിക്കാത്തിടത്തോളംകാലം സ്ഥലംമാററമേ നടത്തുകയില്ലെന്ന നിലപാടാണ് ട്രസ്ററ് സെക്രട്ടറി എം. കെ. രാഘവൻ സ്വീകരിച്ചിരിക്കുന്നത്. ജൂലൈ 15-ന് മുമ്പ് സംഘടനാ പ്രതിനിധികളുമായി ചർച്ച ചെയ്ത് പ്രശ്നം പരിഹരിക്കാത്ത പക്ഷം, ട്രസ്ററ് സംബന്ധമായി ഹൈക്കോടതിയിൽ നിലനില്ക്കുന്ന കേസ്സിൽ അധ്യാപകർ കക്ഷിചേരണമെന്നു തീരുമാനിച്ചു. എസ്. എൻ. കോർഡിനേഷൻ കൗൺസിൽ കാര്യക്ഷമമാക്കുന്നതിനും, അധ്യാപകർ നേരിടുന്ന പ്രശ്നങ്ങളെപ്പററി ഒരു രേഖ തയ്യാറാക്കുന്നതിനും പ്രൊഫ. ടി. ഗോപാലകൃഷ്ണൻ ചെയർമാനായും പ്രൊഫ. എസ് വിശ്വനാഥൻ, പ്രൊഫ. എൽ. ജി വർഗ്ഗീസ് എന്നിവർ അംഗങ്ങളായും ഒരു ഉപസമിതിയെ ചുമതലപ്പെടുത്തി.

# കോളേജ് അധ്യാപകർക്ക് ഭവനനിർമ്മാണ വായ്പ

പ്രൈവററ് കോളേജധ്യാപകർ ഉൾപ്പെടെയുള്ള അധ്യാപകർക്കും മററു സർക്കാർ ഉദ്യോഗസ്ഥൻമാർക്കും ഭവന നിർമ്മാണ വായ്പ കൊടുക്കുവാനുള്ള ഒരു പദ്ധതിക്ക് കേരള സർക്കാർ രൂപം നൽകിയിരിക്കുന്നു.

കുടുംബവരുമാനം 2500 രൂപയിൽ കൂടുതലുള്ളവർക്ക് രണ്ടര ലക്ഷം രൂപാ ചെലവുവരുന്ന വീട് പണിയുന്നതിന് പരമാവധി 95000 രൂപവായ്പ അനുവദിക്കും. പലിശനിരക്ക് പതിമൂന്നര ശതമാനം ആയിരിക്കും. പ്രതിമാസം 1235 രൂപാവച്ച് 168 തവണകളായി തുക തിരിച്ചടക്കണം. കുടുംബവരുമാനം 1501 രൂപാ മുതൽ 2500 രൂപാവരെയുള്ളവർക്ക് ഒരു ലക്ഷം രൂപാചെലവുവരുന്ന വീട് പണിയുന്നതിന് പരമാവധി 50000 രൂപാ വായ്പ നൽകുന്നു പലിശനിരക്ക് പന്ത്രണ്ടര ശതമാനം. മാസം 635 രൂപാ വച്ച് 168 തവണകളായി തുക തിരച്ചടയ്ക്കണം. കുടുംബവരുമാനം 701 രൂപാമുതൽ 1500 രൂപാവരെയുള്ളവർക്ക് 30000 രൂപാചെലവു വരുന്ന വീട് പണിയുന്നതിന് പരമാവധി 17000 രൂപാ വായ്പ നൽകുന്നു. പലിശനിരക്ക് ഒൻപതു ശതമാനം. മാസം 180 രൂപാവച്ച് 168 തവണകളായി തുക തിരിച്ചടക്കണം.

# ഗവൺമെൻറ് ഓർഡർ

## 29-10-86 COLLEG CALENDAR

Stat. 58387/86/Coll.Edn. Office of the Director of Collegiate Education, Vikas Bhavan, Trivandrum.
Dated : 29-10-1986

CIRCULAR

Sub :- College Calendar-Printing and Publishing of regard.

It is seen that some of the colleges do not publish their calendar even after the term of the academic year, and some do not have any Calendar at all. Calenear fee s'also being collected from the students by these Colleges.

The matter is viewed with concern and seriousness. It is, therefore, informed that the Principals of Colleges should make timely and prompt action to see that the College Calendar is printed and released at the beginning of every academic year itself.

Sd/-

Director of Collegiate Education

## 13-11-86 NO PROBATION DUE IN N. C. PROMOTIONS

Letter No Estt D1-98380/86
dt. 13-11-'86 from the Director of Collegiate Education, Trivandrum.
addressed to the Dy. Director of Collegiate Education,Kottayam and copy to the Dy. Director of Collegiate Education, Quilon/Tripunithura, Trichur and Calicut.

Sub :- Private Colleges-Teaching staffdeclaration of probation in the caseof I Grade (NC, Prof ssors-insistingreg.

Ref :- Your letter No A2-1635 86 dated, 30-10-1986. With reference to your letter cited I write to inform you that piobation need rot be insisted on the category of I grade (N. C.) Professors also.

Sd/-

Dy. Director of Collegiate Education.

## 8-1-87 BOND FOR FIP UNDER UGC.

Plg5.100439 Office of the Director of Collegiate Education, Vikas Bhavan, Trivandrum, Dated : 8-1-1987.

CIRCULAR

Sub: Faculty Improvement Programme of U.G.C -Submission of bond-further instructions.

It is the usual practice of teachers to submit bond in connection withthe Faculty Improvement Programme deputation to his office without the knowledge of the principal of College where they worked. So the Principals of colleges are notd a ware that the teacher had submitted bond. It future the bond for Faculty Improvement Programme deputation will not be accepted in the office direct from the Teacher Fellow. The bond should be submitted to the Principal where the heacher worked prior to deputation. The Principals in their turn may forward the bond (2 capies includingone copy in plain paper) to this office after through scrutiny. The defective bond need be forwarded to this office only after rectification. The Principals are instructed to follow this direction strictly and instruct the teachers deputation Faculty Improvement Programme accordingly.

Special Officer for U. G. C.

## പുതിയ പെൻഷൻ ആനുകൂല്യങ്ങൾ

GOVERNMENT OF KERALA

ABSTRACT

PRIVATE Colleges - Teachers opted for Chapter III of the Pension Statutes- revised pension - orders issued.

HIGHER EDUCATION (D) DEPARTMENT

G. O. (MS) No. 149/87/H. Edn.,
Dated, Trivandrum, 18-5-87

Read :- 1. G. O (MS)83/85/H.Edn. dated, 22-4-1985

2. G. O. (P) 235/86/ (45) Fin. dated, 19-3-86.

ORDER

On the basis of the recommendation of the IVth Kerala Pay Commission, Government are pleased to o der that the pension of Chapter III opted PrivtedCollege teachers be enhanced at the rate of 1/90 for each completed year of service subject to a maximum of 30/90 of the average emoluments.

2. This order will take effect from 1-7-83 and the benefit of arrears will be allowed with effect from 1-4-85,

3. The Government order first read above will stand modified to that extent.

4. The Director of Collegiate 'Education will circulate this order to all private college Managements.

(By ORDER OF THE GOVERNOR)
M. S. K. RAMASWAMI
COMMISSIONER & SECRETARY To Govt.

